**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6564 | 21-11-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| | 2018-ലെ പ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച ചാലക്കുടി ടൗൺ, മാർക്കറ്റ് അടക്കമുള്ള സ്ഥലങ്ങളിലെ വ്യാപാരികൾക്ക് പലിശരഹിത വായ്പയടക്കം ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | രാജ്യത്തെ അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെയുള്ള ഉജ്ജീവന സഹായ പദ്ധതി നടപ്പാക്കി. ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്ങ്-പലിശ നൽകുന്നു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നു. MSME സ്ഥാപനങ്ങൾക്കുള്ള കടം - റിസേർവ് ബാങ്ക് മാനദണ്ഡം പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശ നഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും, പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ Section 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി അവശ്യപെട്ടിരുന്നു. ഈ ആവശ്യം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ച്, കേന്ദ്ര ഫിനാൻസ് വകുപ്പിന് നിർദ്ദേശം നൽകുകയും, ആയത് പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ